I/157680/2023

**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ : M.G. RAJAMANICKAM IAS )**

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്–ജീവനക്കാര്യം- മുനിസിപ്പൽ കോമൺ സർവീസിലെ ക്ലർക്ക് ശ്രീമതി സുജാത.ജി-യെ ക്ലർക്ക് തസ്തികയിലെ ജിവനക്കാരുടെ അന്തിമ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം:

1) നഗരകാര്യ ഡയറക്ടറുടെ 11.10.2017- തീയതിയിലെ ഇ7-2334/2016 (13) നമ്പർ ഉത്തരവ്.

2) നഗരകാര്യ ഡയറക്ടറുടെ 19.06.2020 തീയതിയിലെ ഇ8- 9696/2020 നമ്പർ ഉത്തരവ്.

3) നഗരകാര്യ ഡയറക്ടറുടെ 24.11.2021 തീയതിയിലെ ഇ8- 13498/2021 നമ്പർ ഉത്തരവ്.

4) തദ്ദേശ സ്വയം ഭരണ വകുപ്പ് (അർബൻ) ഡയറക്ടർ 23/06/2022 ൽ DUA/4400/2022-E7 നമ്പറായി പ്രസിദ്ധീകരിച്ച ക്ലർക്ക് തസ്തികയിലെ അന്തിമഗ്രഡേഷൻ ലിസ്റ്റ്.

5) കണ്ണൂർ നഗരസഭ സെക്രട്ടറിയുടെ 27/02/2023-ലെ ജി1-26248/2020 നമ്പർ കത്ത്.

6) ഈ ഓഫീസിലെ 15/11/2023- ലെ LSGD/PD/58629/2023 നമ്പർ നോട്ടീസ്.

**ഉത്തരവ്(LSGD/PD/58629/2023) 20-12-2023**

കേരള പബ്ലിക്ക് സർവ്വീസ് കമ്മിഷന്റെ 11/08/2017 -ലെ നിയമന ശുപാർശയുടെയും സൂചന (1) ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 01.11.2017-ന് കണ്ണൂർ നഗരസഭയിൽ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.സുജാത.ജി കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് ബാങ്കിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററായി നിയമനം ലഭിച്ചതിനെത്തുടർന്ന് മുനിസിപ്പൽ കോമൺ സർവ്വീസിൽ നിന്നും സൂചന (2) പ്രകാരം വിടുതൽ ചെയ്തു. തുടർന്ന് മാതൃവകുപ്പിൽ ക്ലാർക്ക് തസ്തികയിൽ പുനർനിയമനം നൽകണമെന്ന ടിയാളുടെ അപേക്ഷയിന്മേൽ കെ.എസ് .& എസ് . എസ് . ആർ. ഭാഗം II ചട്ടം 8 - ലെ വ്യവസ്ഥകൾ പ്രകാരം മുനിസിപ്പൽ കോമൺ സർവീസിൽ ക്ലാർക്ക് തസ്തികയിൽ പുനർനിയമനം നൽകിക്കൊണ്ട് സൂചന (3) പ്രകാരം ഉത്തരവായതിൻ പ്രകാരം ടിയാൾ മാതൃവകുപ്പിൽ തിരികെ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. സൂചന (4) പ്രകാരം പ്രസിദ്ധീകരിച്ച 31.05.2022 പ്രാബല്യത്തിലുള്ള മുനിസിപ്പൽ കോമൺ സർവീസിലെ ക്ലാർക്ക് തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽ ടിയാളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്ന് സൂചന (5) പ്രകാരം ശ്രീമതി സുജാത. ജി-യുടെ അപേക്ഷ ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീമതി സുജാത ജി. മുനിസിപ്പൽ കോമൺ സർവീസിൽ നിന്നും വിടുതൽ ചെയ്യുന്ന സമയത്ത് 01.12.2017 പ്രാബല്യ തീയതിയിലുള്ള ക്ലർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റാണ് നിലവിലുണ്ടായിരുന്നത്. പ്രസ്തുത

I/157680/2023

ലിസ്റ്റിൽ ടിയാൾ ക്രമ നമ്പർ 1321 ആയാണ് ഉൾപ്പെട്ടിട്ടുള്ളത്. നിലവിൽ 31.05.2022 തീയതി പ്രാബല്യത്തിലുള്ള സീനിയോറിറ്റി ലിസ്റ്റ് പരാമർശം (4) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും ആയതിൽ ശ്രീമതി സുജാത ജി.-യുടെ പേര് ഉൾപ്പെട്ടിട്ടില്ല. . കെ.എസ്.&എസ്.എസ്.ആർ. ഭാഗം II ചട്ടം 8- ലെ നാലാമത്തെ പ്രോവിസോയുടെ ചുവടെയുള്ള കുറിപ്പ് (3) പ്രകാരം പുനർനിയമനം മാതൃവകുപ്പിൽ നിന്നും വിടുതൽ ചെയ്ത അഞ്ചുവർഷത്തിനകമാണെങ്കിൽ ചട്ടം 8(a) വ്യവസ്ഥചെയ്യുന്ന പ്രകാരമുള്ള സീനിയോറിറ്റി സംരക്ഷണം ലഭിക്കുന്നതിന് അർഹതയുണ്ട്. ആയതിനാൽ 01.12.2017-ലെ സീനിയോറിറ്റി ലിസ്റ്റിലെ ടിയാളുടെ സ്ഥാനത്തിന് ആനുപാതികമായി സൂചന (4) പ്രകാരം പ്രസിദ്ധീകരിച്ച 31.05.2022 തീയതി പ്രാബല്യത്തിലുള്ള സീനിയോറിറ്റി ലിസ്റ്റിൽ ശ്രീമതി സുജാത ജി. -യെ ക്രമനമ്പർ 512നും 513 നും ഇടയിൽ 512 A നമ്പരായി ഉൾപ്പെടുത്തുന്നതിന് താത്ക്കാലികമായി തീരുമാനിച്ച് സൂചന(6) പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിന് 15 ദിവസത്തെ കാലാവധി അനുവദിച്ചിരുന്നുവെങ്കിലും നാളിതു വരെയും ടി വിഷയത്തിൽ ആക്ഷേപങ്ങൾ യാതൊന്നും ലഭിച്ചിട്ടില്ല.

മേൽ സാഹചര്യത്തിൽ, ശ്രീമതി സുജാത ജി.-യുടെ മാതൃവകുപ്പിലേക്കുള്ള പുനർനിയമനം അഞ്ചുവർഷ സമയപരിധിക്കുള്ളിൽ ആയതിനാലും കെ.എസ്.&എസ്.എസ്.ആർ. ഭാഗം II ചട്ടം 8(a)-യിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമുള്ള സീനിയോറിറ്റി സംരക്ഷണം ലഭിക്കുന്നതിന് അർഹതയുള്ളതിനാലും ടിയാൾ മുനിസിപ്പൽ കോമൺ സർവീസിൽനിന്നും വിടുതൽ ചെയ്യുന്ന വേളയിൽ നിലവിലുണ്ടായിരുന്ന ക്ലർക്ക് തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിലെ ടിയാളുടെ സ്ഥാനത്തിന് ആനുപാതികമായി പരാമർശം (4) പ്രകാരം പ്രസിദ്ധീകരിച്ച തദ്ദേശസ്വയംഭരണ (മുനിസിപ്പൽ കോമൺ സർവ്വീസ്) വകുപ്പിലെ 31.05.2022 പ്രാബല്യത്തിലുള്ള ക്ലർക്ക്/ബിൽ കളക്ടർ സീനിയോറിറ്റി പട്ടികയിൽ ക്രമ നം.512 ശ്രീ.അഷർ എച്ച്. -നും ക്രമ നം.513 ശ്രീമതി ഷബീന കെ.കെ. -യ്ക്കും മധ്യത്തിൽ ക്രമനമ്പർ **512 A** ആയി ശ്രീമതി.സുജാത.ജി-യെ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

M.G. RAJAMANICKAM IAS
PRINCIPAL DIRECTOR

പകർപ്പ് :
1. ശ്രീമതി.സുജാത.ജി,ക്ലർക്ക്, തലശ്ശേരി നഗരസഭ
2. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
3. സിസ്റ്റം മാനേജർ(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
M.g. rajamanickam Ias
Date: 20-12-2023 19:52:27